# പത്രോസിന്റെ യഥാസ്ഥാനപ്പെടൽ

## യോഹന്നാൻ 21:17

**"കർത്താവേ നീ സകലവും അറിയുന്നു എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോട് പറഞ്ഞു."**

നമുക്കേവർക്കും ഏറെ സുപരിചിതമായ ഒരു വാക്യഭാഗമാണല്ലോ നാം വായിച്ചത്. യേശു ക്രിസ്തുവിന്റെ ക്രൂശാരോഹണവും ഉയർത്തെഴുന്നേല്പിനുംശേഷം ശിഷ്യന്മാരിലുണ്ടായ പിന്മാറ്റത്തേയും, ഭയത്തേയുമാണ് ഈ അദ്ധ്യായത്തിലെ ഭാഗങ്ങൾ സൂചിപ്പിക്കുന്നത്.

മൂന്നരവർഷക്കാലം യേശുവിനെ അനുഗമിച്ച ശിഷ്യന്മാർ, ക്രൂശാരോഹണവേളയിൽ പതറി പോകുന്നത് നാം കാണുന്നു. നാം വായിച്ച വാക്യഭാഗം പത്രോസിന്റെ യഥാസ്ഥാനം കുറിക്കുന്നു. യേശുക്രിസ്തുവിനെ സാക്ഷാൽ ദൈവപുത്രനെന്ന് ശിഷ്യന്മാരുടെ ഇടയിൽ ആദ്യമായി ഏറ്റുപറഞ്ഞ വ്യക്തിയാണ് പത്രോസ്. എന്നാൽ, അതേ പത്രോസ് തന്നെ, ക്രൂശാരോഹണവേളയിൽ യേശു ക്രിസ്തുവിനെ മൂന്നു തവണ തള്ളിപ്പറയുന്നു. ഈ രണ്ട് സാഹചര്യങ്ങളും, പത്രോസിന്റെ രണ്ടു സ്വഭാവങ്ങളെയാണ് കാണിക്കുന്നത്. നാം വായിച്ച ഈ അദ്ധ്യായത്തിലും, പത്രോസ്, കൂടിയിരുന്ന ബാക്കി ഏഴു ശിഷ്യന്മാരിൽനിന്ന് പിന്മാറി പോകുന്നത് നാം കാണുന്നു. എന്നാൽ തിബര്യാസ് കടൽത്തീരത്തുവച്ച് യേശു അവനെ വീണ്ടും യഥാസ്ഥാനപ്പെടുത്തി, അവനിൽ ഉറപ്പു വരുത്തി. യേശു ക്രിസ്തുവിലുള്ള ദൈവ പുത്രനെ വീണ്ടും തിരിച്ചറിഞ്ഞ പത്രോസ്, തന്റെ ജീവിതത്തിലെ കുറവുകളെയൊക്കെ മാറ്റി നിർത്തി ദൈവരാജ്യത്തിനായി പ്രവർത്തിച്ചു. തന്റെ പ്രസംഗങ്ങളിലൂടെ അനേകരെ അവൻ മാനസാന്തരപ്പെടുത്തി.

പ്രതിസന്ധികളുടെ മദ്ധ്യത്തിൽ പലപ്പോഴും ഈ എടുത്തചാട്ട സ്വഭാവം വിശ്വാസികളിൽ കാണാറുണ്ട്. എന്നാൽ നാം മറന്നാലും, നമ്മെ വീണ്ടും യഥാസ്ഥാനപ്പെടുത്തുന്ന യേശു നമ്മോടുകൂടെയുണ്ട്. നമ്മുടെ കുറവുകളെയും ബലഹീനതകളെയും അവൻ അറിയുന്നു. നാം വായിച്ചതുപോലെ അവൻ സകലവും അറിയുന്നു. ആ പൂർണ്ണ ബോദ്ധ്യത്തോടെ നമ്മുടെ കർത്താവിന്റെ കരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കാം.

**പരാമർശം:**

1 യോഹന്നാൻ 2:5

എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവ സ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു.

സിസ്റ്റർ ഫെബി വിനോദ് 009